സി2-7949/2013

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
നിലമ്പൂർ സൗത്ത് ഡിവിഷൻ, നിലമ്പൂർ - 679 329.
ഫോൺ & ഫാക്സ്: 04931 220392.
മൊബൈൽ: 9447979065.
Email: dfo-nlbrs.for@kerala.gov.in
തിയ്യതി: 29.11.2013.

## ലേല പരസ്യം

നിലമ്പൂർ സൗത്ത് ഡിവിഷനിൽപ്പെട്ട കാളികാവ്, കരുളായി റെയ്ഞ്ചുകളിലെ വിവിധ വനം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള തൊണ്ടി സാധനങ്ങളായ തടികൾ, ഉരുപ്പടികൾ മുതലായവ താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള തിയ്യതികളിൽ രാവിലെ 11.00 മണിക്ക് അതാത് റെയ്ഞ്ച് ഓഫീസുകളിൽവെച്ച് താഴെ പറയുന്ന ലേല വ്യവസ്ഥകൾക്ക് വിധേയമായി നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേല തിയ്യതി ഒരു പൊതു അവധിയായി വരുകയാണെങ്കിൽ തൊട്ടടുത്ത ദിവസം നിർദ്ദിഷ്ട സ്ഥലത്തും സമയത്തുംവെച്ച് ലേലം നടത്തുന്നതാണ്. നിശ്ചിത ലേലതിയ്യതിക്ക് 7 ദിവസം മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന വസ്തുക്കളുടെ ഇനം, അളവ്, എണ്ണം മുതലായവ ലോട്ട് തിരിച്ചുള്ള പട്ടിക അതാത് റെയ്ഞ്ച് ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതാണ്.

## ലേല തിയ്യതി

| വർഷം | മാസം | കരുളായി റെയ്ഞ്ച് | കാളികാവ് റെയ്ഞ്ച് |
|---|---|---|---|
| 2014 | ജനവരി | 16 | 23 |
| 2014 | ഫെബ്രുവരി | 18 | 25 |
| 2014 | മാർച്ച് | 18 | 25 |
| 2014 | ഏപ്രിൽ | 22 | 24 |
| 2014 | മെയ് | 20 | 27 |
| 2014 | ജൂൺ | 17 | 24 |
| 2014 | ജൂലൈ | 15 | 22 |
| 2014 | ആഗസ്റ്റ് | 12 | 19 |
| 2014 | സെപ്റ്റംബർ | 23 | 25 |
| 2014 | ഒക്ടോബർ | 14 | 16 |
| 2014 | നവംബർ | 18 | 25 |
| 2014 | ഡിസംബർ | 9 | 23 |

## വ്യവസ്ഥകൾ

1. സർക്കാർ തടിഡിപ്പോകളിൽ അതാത് കാലങ്ങളിൽ നിലവിലുള്ള പൊതുവ്യവസ്ഥകൾ അനുസരിച്ചാണ് ലേലം എന്നാൽ പൊതു വ്യവസ്ഥകളിൽ താഴെ പറയുന്ന വ്യതിയാനങ്ങൾ തൊണ്ടി ലേലത്തിന് ബാധകമാണ്.

2. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിന് മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങളുടെ സ്ഥിതിയും അളവുകളും മറ്റും ബോദ്ധ്യപ്പെടേണ്ടതാണ്. ലേലത്തിനുശേഷം ഉന്നയിക്കുന്ന യാതൊരു പരാതികളും പരിഗണിക്കുന്നതല്ല.

3. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ തെരെഞ്ഞെടുപ്പ് കമ്മീഷൻ തിരിച്ചറിയൽ കാർഡോ, ഡ്രൈവിംഗ് ലൈസൻസോ കൊണ്ടുവരേണ്ടതാണ്.

4. ലേലത്തിൽ വിളിച്ചെടുത്ത തൊണ്ടിസാധങ്ങളുടെ വില 20,000/- (ഇരുപതിനായിം) കവിയുന്നില്ല എങ്കിൽ 20,000/- (ഇരുപതിനായിം) രൂപയോ ലേലത്തുകയുടെ 35 ശതമാനമോ ഏതാണ് കൂടുതൽ ആയത് രൊക്കം പണമായി ലേലം കഴിഞ്ഞ ഉടനെ ഒടുക്കേണ്ടതാണ്.

5. ലേലത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി 10,000/- (പതിനായിരം) രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്.

6. ലേലത്തിൽ പിടിച്ച സാധനങ്ങൾ ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയ്യതി മുതൽ 30 ദിവസത്തിനകം ബാക്കി വില, വിൽപ്പന നികുതി മുതലായവ അടച്ച് നിയമപ്രകാരമുള്ള പാസ്സ് വാങ്ങി നീക്കം ചെയ്യേണ്ടതാണ്. അപ്രകാരം പണം അടച്ചശേഷം സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ലേലം സ്ഥിരപ്പെടുത്തിയതായി അറിയിക്കുന്ന തിയ്യതി മുതൽ 45 (നാൽപ്പത്തിയഞ്ച്) ദിവസത്തിനകമുള്ള അവധികൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്നതാണ്. പാസ്സിന്റെ കാലാവധി നീട്ടാനുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. മേൽ പറഞ്ഞ സമയത്തിനുള്ളിൽ സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ മറ്റൊരു അറിയിപ്പ് കൂടാതെ തന്നെ അവ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും അവയിൽ ലേലക്കാരന് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതും അല്ല.

7. ബാക്കി സംഖ്യകൾ 30 ദിവസത്തിനകം അടയ്ക്കാതിരുന്നാൽ ന്യായമായ കാരണങ്ങളാൽ 15 ദിവസം കൂടി 18% പലിശയോടും നിയമപ്രകാരമുള്ള തറ വാടകയോടും കൂടി അടയ്ക്കുവാൻ അനുവാദം തരുന്നതും ആണ്. അതിനുശേഷം ബാക്കി സംഖ്യ അടയ്ക്കുവാനുള്ള കാലാവധി യാതൊരു കാരണവശാലും

നീട്ടികൊടുക്കുന്നതല്ല. ലേല തുക ഈ കാലാവധിക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള മുഴുവൻ തുകയും സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും ലേലം ചെയ്ത സാധനങ്ങൾ അയളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതും ആയിരിക്കും. അപ്രകാരം ലേലം ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നികുതി കുടിശ്ശിക വസൂൽ ചെയ്യുന്ന നിയമങ്ങൾ അനുസരിച്ച് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭകരമായിരുന്നാൽ ആയതിന് മുൻ ലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. ലേല വ്യവസ്ഥകൾക്ക് ഏതെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലോ ആവശ്യമായി വരുന്നപക്ഷം ആയത് ലേലസമയത്ത് വിശദീകരിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അതാത് റെയ്ഞ്ച് ഓഫീസുകളിൽ അന്വേഷിക്കേണ്ടതാണ്. റെയ്ഞ്ച് ഓഫീസുകളുടെ ഫോൺ നമ്പറുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| കരുളായി റെയ്ഞ്ച് | - | 04931 270296 |
| കാളികാവ് റെയ്ഞ്ച് | - | 04931 245720 |

8. കോടതിയുടെ അനുമതി വാങ്ങിയശേഷം ലേലം ചെയ്ത് വിൽക്കുന്ന സാധനങ്ങളുടെ മുഴുവൻ തുകയും വിലയും മറ്റ് നികുതികളും ലേല ദിവസം തന്നെ അടയ്ക്കേണ്ടതാണ്.

9. വനംവകുപ്പിൽ നിലവിലുള്ള ലേല വ്യവസ്ഥകൾ ഈ ലേലത്തിനും ബാധകമായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ സൗത്ത് ഡിവിഷൻ.